


Week -2

# The Voice of the Lord

**(യഹോവയുടെ ശബ്ദം)- സങ്കീ(29:3-9)**

“The Lord is my shephered” എന്ന് പൂർണ്ണമായി വിശ്വസിച്ച ഒരു ദൈവദാസൻ തന്റെ യിസ്രായേൽ സന്ദർശനവേളയിൽ വൃദ്ധനായ ഒരു ആട്ടിടയനോട് നിങ്ങൾ എങ്ങനെയാണ് ആടുകളെ സൗകര്യപ്രദമായ നിലയിൽ വഴികാണിക്കുന്നത് എന്ന് ചോദിച്ചു. ആ ആട്ടിടയൻ പറഞ്ഞത് ഇപ്രകാരമാണ്. ‘ പകൽ സമയത്ത് ഒരാടിനെ തോളിൽ വഹിച്ചുകൊണ്ട് ഞാൻ നടക്കുമ്പോൾ മറ്റ് ആടുകൾ അവയുടെ സുരക്ഷിതത്വം, സംരക്ഷണം ഇവ എന്റെ കയ്യിൽ എന്നു കരുതി എന്നെ അനുഗമിക്കുന്നു. രാത്രിയിൽ മൂടൽമഞ്ഞ് അധികമാകുമ്പോൾ എന്റെ കയ്യിലെ വടി താഴെ ഇടിച്ച് ശബ്ദം കേൾപ്പിക്കുന്നു. ഞാൻ മന്ദം നീങ്ങുമ്പോൾ ആടുകൾ ഈ ശബ്ദം ശ്രദ്ധിക്കുകയും എന്നെ പിൻതുടരുകയും ചെയ്യുന്നു.ഒന്ന് ചിന്തിക്കുക ! ദൈവത്തിന്റെ പുല്പുറങ്ങളിൽ മേഞ്ഞു നടക്കുന്നു എന്ന് അഭിമാനിക്കുന്ന ആടുകളായ നാം ഇടയൻ വിളിക്കുന്ന ശബ്ദമോ, വടിയുടെ ശബ്ദമോ ശ്രദ്ധിച്ചാണോ മുമ്പോട്ടു പോകുന്നത്.

“ ആടുകൾ അവന്റെ ശബ്ദം കേൾക്കുന്നു” .ഇടയന്റെ ശബ്ദം ശ്രവിച്ച് മുൻപോട്ടു പോകണമെങ്കിൽ ആടുകളായ നമുക്ക് വിശ്വാസത്തിന്റെ പരിശീലനം ആവശ്യമാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള മുഖ്യസംവേദന മാധ്യമം ശബ്ദം തന്നെ ആയിരുന്നു.

Read- ഉല്പ:(3:10,11)(12:1) പുറ:(3:4-7)

ശബ്ദം ആരുടേത് എന്ന് തിരിച്ചറിയുവാൻ പാടില്ലാത്ത വചന
ത്തിലെ സന്ദർഭങ്ങൾ.

Read - 1 ശമു(3:8-10),യോഹ:(20:13-15)

ആടുകൾക്കു വേണ്ടി തന്റെ ജീവനെ കളയുന്ന നല്ല ഇടയൻ ആടു കളോടൊപ്പം ഏത് പ്രതികൂലത്തിലും കാണും.സങ്കീ:29ൽ ഏഴ് പ്രാവശ്യം യഹോവയുടെ ശബ്ദം എന്നു പറയുന്നു. യഹോവ യുടെ ശബ്ദവും അവന്റെ പ്രവർത്തികളും ഒത്തു ചേരുന്നതായി ഇവിടെ കാണാം. സങ്കീ:(29:3-9) വരെയുള്ള ഭാഗത്ത് യഹോവ യുടെ ശബ്ദം ചെയ്യുന്ന 7 അത്ഭുതങ്ങൾ കാണാം.

1. The voice of the Lord is over the waters
2. The voice of the Lord is powerful.
3. The voice of the Lord is majestic
4. The voice of the Lord breaks the cedars
5. The voice of the Lord strikes with flashes of lightning.
6. The voice of the Lord shakes the desert.
7. The voice of the Lord twists the oaks

ഈ ഏഴ് അത്ഭുതങ്ങളെപ്പറ്റി ആത്മീയമായി ചിന്തിക്കുന്നത് വ്യക്തി ജീവിതത്തെ ശക്തമാക്കുന്നു.

നമ്മുടെ മാനസീകകുഴപ്പങ്ങളാകുന്ന വെള്ളങ്ങളുടെ മീതെ പരിശുദ്ധാത്മാവ് തന്റെ വാഗ്ദത്തങ്ങളാകുന്ന ശബ്ദം കേൾപ്പിക്കു ന്നു.അവന്റെ ശബ്ദമാകുന്ന ആത്മീയ ഇടി അഥവാ അവന്റെ മക്ക ളുടെ ശബ്ദം എല്ലായിടത്തും മുഴങ്ങണം. അത് പാപികളെ മാന സാന്തരത്തിന് വിളിക്കുന്ന , മനുഷ്യപുത്രന്റെ ശബ്ദമായ സുവിശേ ഷമായി മുഴങ്ങികേൾക്കണം. അവന്റെ വചനം ഏത് ഹൃദയ ത്തേയും തകർക്കും. ദൈവശബ്ദത്തിന്റെ അഗ്നി ഹൃദയങ്ങളെ ഉരു ക്കുന്നു. യഹോവയുടെ ശബ്ദം മാൻപേടകളെ പ്രസവിക്കുമാറാ ക്കുന്ന അഥവാ പുതുജനനം നടക്കുന്നു. അതത്രെ മാനസാന്തരം.

പ്രീയരെ! ഈ അദ്ധ്യയന വർഷാരംഭം കുറിക്കുന്ന ജൂൺ മാസം നമ്മുടെ ആത്മീയജ്ഞാനം , ഭൗതീക നന്മകൾ ഇവയ്ക്കായി നമ്മോടു സംസാരിക്കുന്ന നമ്മുടെ നന്മയ്ക്കായി നമ്മോടു സംസാ രിക്കുന്ന ദൈവത്തെ ശ്രദ്ധിക്കുക. അതിനുള്ള ഏകാഗ്രത നിങ്ങൾക്ക് നൽകട്ടെ.

# പ്രാർത്ഥന

പ്രീയ യേശുവേ ! വിവിധ മാർഗ്ഗങ്ങളിൽ കൂടി അങ്ങ് സംസാരിക്കുന്നതിനായി സ്തോത്രം. ഞങ്ങളെ  പേർ ചൊല്ലി വിളിക്കുന്ന ഇടയന്റെ ശബ്ദം ശ്രവിച്ച് അങ്ങയെ അനുഗമിപ്പാൻ കൃപ നൽകേണമേ. ആമേൻ

Santhamma Varghese